(ഇ) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസായി 1,750 രൂപയ്ക്ക് പകരം 650 രൂപ നൽകിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ മിൽക്ക് റിക്കാർഡർമാരായി ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ബി) ബാധകമല്ല.

(സി) കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ മിൽക്ക് റിക്കാർഡർമാർ ആരുംതന്നെ ഇല്ലാത്തതിനാലും 15-3-1996-ലെ സർക്കാർ ഉത്തരവ് നമ്പർ 149/96/എ.ഡി. പ്രകാരവും ബോർഡിന് നേരിട്ട് മിൽക്ക് റിക്കാർഡർമാരെ നിയമിക്കാൻ കഴിയില്ല.

(ഡി) ബാധകമല്ല.

(ഇ) പ്രസ്തുത ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസായി ഈ സാമ്പത്തിക വർഷത്തിൽ 650 രൂപ നൽകിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ നയത്തിന്റെ ഭാഗമായി മറ്റും കേന്ദ്ര പദ്ധതികളിലെ സന്നദ്ധസേവന പ്രവർത്തകർക്ക് 650 രൂപ നൽകിയിട്ടുണ്ട്. ഈ മാനദണ്ഡ പ്രകാരം മിൽക്ക് റിക്കാർഡിംഗ് നടത്തിവരുന്ന ഏജൻസിക്ക് 650 രൂപ നൽകിയിട്ടുണ്ട്.

**മൃഗസംരക്ഷണ വകുപ്പിലെ സി. എ.**

238 (4426) <u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൻ കീഴിൽവരുന്ന കെ.എൽ.ഡി. ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ്), കെ. എസ്. പി. ഡി. സി. (കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ) തുടങ്ങിയ സ്ഥാപനങ്ങളിൽ നിലവിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഈ സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഇത്തരം സ്ഥാപനങ്ങളിൽ സി. എ.മാരുടെ എണ്ണം നിശ്ചയിക്കുന്നത് അംഗീകൃത സ്റ്റാഫ് പാറ്റേണിന് ആനുപാതികമായിട്ടാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് കെ. എൽ. ഡി. ബോർഡിൽ യഥാസമയം ട്രാൻസ്ഫർ നടത്താറുണ്ടോ ; എങ്കിൽ സി. എ.മാരുടെ ട്രാൻസ്ഫർ ഏറ്റവും അവസാനം നടന്നതെന്നാണ് ; തുടർച്ചയായി എത്ര വർഷത്തെ സർവ്വീസുള്ളവരെയാണ് സ്ഥലം മാറ്റുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എൽ.ഡി. ബോർഡിൽ നിലവിൽ 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്. കെ.എസ്.പി.ഡി.സി.-യിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്ന ഒരു തസ്തിക നിലവിലില്ല.

(ബി) കെ.എൽ.ഡി.ബി.-യിൽ നിലവിൽ 13 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ട്. സർക്കാർ ഉത്തരവ് നമ്പർ 181/90/എ.ഡി. തീയതി 26-6-1990 പ്രകാരമുള്ള അംഗീകൃത സ്റ്റാഫ് പാറ്റേണിന് ആനുപാതികമായിട്ടാണ് കെ.എൽ.ഡി.ബി.-യിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്.

(സി) കെ.എൽ.ഡി. ബോർഡിൽ സി.എ.-മാരുടെ ട്രാൻസ്ഫർ അവസാനമായി നടത്തിയിട്ടുള്ളത് 2007-ലാണ്. നിലവിൽ 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ മാത്രമായതിനാലും അവരുടെ ഒന്നുംതന്നെ ട്രാൻസ്ഫർ റിക്വസ്റ്റ് പെൻഡിംഗ് ഇല്ലാത്തതിനാലും ട്രാൻസ്ഫർ നടത്തിയിട്ടില്ല.

മൃഗാശുപത്രികൾക്ക് കെട്ടിടം

**239 (4427)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര മൃഗാശുപത്രികൾക്ക്, എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കന്നുകാലികളുടെ കൃത്രിമ ബീജദാനസൗകര്യം കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കർഷകർക്ക് തങ്ങളുടെ വീട്ടുപടിക്കൽ കൃത്രിമ ബീജധാന സൗകര്യം എത്തിച്ച് കൊടുക്കുന്നതിനായി മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ യൂണിറ്റുകൾ, "ഒരു പൈലറ്റ് പ്രോജക്ടായി" നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 25 കൃത്രിമ ബീജധാന ഉപകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും, അവിടെ മൊബൈൽ സൗകര്യം ഏർപ്പെടുത്തുന്നതിനായി 2010-2011 സാമ്പത്തിക വർഷം തുക വകയിരുത്തുകയും, അതിന് ആവശ്യമായ ഉപകരണങ്ങൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മുഖേന വിതരണം നടത്തിവരുകയും ചെയ്യുന്നു. കൂടാതെ വരുംവർഷങ്ങളിൽ കൂടുതൽ ജില്ലകളിലേയ്ക്ക് പ്രസ്തുത മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.